# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 582 — 27/10/2011- ലെ മറുപടിക്ക്

## മൾട്ടി പർപ്പസ് ജോബ് ക്ലബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി ജോർജ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) മൾട്ടി പർപ്പസ് ജോബ് ക്ലബുകളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലില്ലാത്തവരെ ചെറു സംഘങ്ങളായി സംഘടിപ്പിച്ച് അവർക്ക് ബാങ്ക് ലിങ്ക് ചെയ്ത് വായ്പയും ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് സബ്സിഡിയും അനുവദിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. സർക്കാർ മേഖലയിൽ തൊഴിൽ അവസരങ്ങൾ കുറഞ്ഞ് വരുന്ന സാഹചര്യത്തിൽ സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കാൻ കഴിവും താല്പര്യമുള്ളവരെ കണ്ടെത്തി അവർക്ക് അനുയോജ്യമായ സ്വയംതൊഴിൽ പദ്ധതികൾ ആരംഭിച്ച് തൊഴിലില്ലായ്മയുടെ തീഷ്ണത കുറയ്ക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഓരോ ജില്ലയിലേയും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും, സേവനങ്ങളുടെ ആവശ്യകതയും മനസിലാക്കി അവ ഏറ്റവും നല്ല രീതിയിൽ |

വിനിയോഗിക്കത്തക്ക വണ്ണമുള്ള സ്ഥാപനങ്ങൾ ആരംഭിച്ച്/ സേവനം പ്രദാനം ചെയ്ത് അതിൽനിന്നും വരുമാനമുണ്ടാക്കുകയാണ് ജോബ് ക്ലബുകളുടെ പ്രവർത്തന രീതി. ഇത് മുഖാന്തിരം പ്രത്യക്ഷമായി അനേകം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതോടൊപ്പം പരോക്ഷമായി മറ്റനേകം പേർക്കും തൊഴിൽ ലഭിച്ചു വരുന്നുണ്ട്.

(ബി) പ്രസ്തുത ക്ലബുകളുടെ രൂപീകരണ രീതി എപ്രകാരമാണ് ;

(ബി) ജോബ് ക്ലബ്ബ് തുടങ്ങുവാനുള്ള അപേക്ഷാഫോറം എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. അഞ്ചിൽ താഴെ അംഗങ്ങൾ ചേർന്ന് ഒരു സ്വയം തൊഴിൽ സംരഭം ആരംഭിക്കുവാനുള്ള വിശദമായ പ്രൊജക്ട് റിപ്പോർട്ടുസഹിതമുള്ള അപേക്ഷ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോട്ചേർന്ന് പ്രവർത്തിക്കുന്ന മൾട്ടിപർപ്പസ് സർവ്വീസ് സെന്ററിൽ സമർപ്പിക്കാവുന്നതാണ്. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അപേക്ഷകരെ വിളിച്ച് വരുത്തി കൂടിക്കാഴ്ച നടത്തി അവരുടെ അപേക്ഷ പരിശോധിച്ച് അവർ സ്വയം തൊഴിൽ ചെയ്യാൻ പ്രാപ്തരാണോ എന്നും അവരുടെ സാങ്കേതിക വൈദഗ്ദ്ധ്യം, അഭിരുചി, സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള കഴിവ്, ബാങ്ക് നിബന്ധനകൾ പാലിക്കാൻ അവർക്ക് കഴിയുമോ എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടാൽ അവരുടെ അപേക്ഷ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും ലീഡ് ബാങ്ക്

മാനേജർ തുടങ്ങിയവർ മെമ്പർമാരുമായ ജില്ലാതല സമിതി മുമ്പാകെ സമർപ്പിക്കുന്നു. അപേക്ഷകന്റെ വരുമാനം, നേറ്റിവിറ്റി എന്നിവ റവന്യൂ അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ ഈ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുന്നതാണ്.

അപേക്ഷകരെ ജില്ലാ കമ്മിറ്റി നേരിട്ട് കൂടിക്കാഴ്ചയ്ക്ക് വിളിക്കുകയും അർഹത പരിശോധിച്ച് അപേക്ഷ അനുവദിക്കുകയോ, നിരസിക്കുകയോ ചെയ്യുന്നു. അതനുസരിച്ച് അനുവദിച്ച അപേക്ഷകൾ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അയച്ചുകൊടുക്കുന്നു. ബാങ്ക് വായ്പ അനുവദിച്ച് അറിയിക്കുന്ന മുറയ്ക്ക് സബ്സിഡി തുക അംഗങ്ങൾ ജോബ് ക്ലബ്ബിന്റെ പേരിൽ ഗുണഭോക്തൃ വിഹിതം അടച്ച് ആരംഭിച്ചിട്ടുള്ള ജോയിന്റ് അക്കൌണ്ടിലേയ്ക്ക് ഡിമാന്റ് ഡ്രാഫ്റ്റായി നൽകുന്നു. ജോബ് ക്ലബ്ബുകളുടെ മോണിറ്ററിംഗ് വകുപ്പുമുഖാന്തിരം നടത്തുന്നതാണ്.

| | |
|---|---|
| (സി) ക്ലബ്ബുകൾക്ക് എന്തെല്ലാം സംരംഭക പരിശീലനമാണ് നൽകി വരുന്നത്; | (സി) ജോബ് ക്ലബ്ബ് അംഗങ്ങൾക്ക് നിലവിൽ സംരംഭകത്വ വികസന പരിശീലനം ലീഡ് ബാങ്കുകളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള RSETI (Rural Self Employment Training Institute) കൾ വഴി സൌജന്യമായി നടത്തിവരുന്നു. ജോബ് ക്ലബ്ബ് അംഗങ്ങൾക്ക് Skill Development പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആലോചിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ക്ലബുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | പദ്ധതി സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്നതിനാൽ അവരുമായി ബന്ധപ്പെട്ട് പരമാവധി സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഓരോ ജില്ലയിൽ നിന്നും ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ അനുമതിയോട്കൂടി ബഡ്ജറ്റ് വിഹിതത്തിൽ നിന്നും സബ്സിഡി തുക അനുവദിച്ച് താമസംവിനാ നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ